ഉത്തരം

(എ) കേരളാ ആട്ടോ മൊബൈൽസ് ലിമിറ്റഡിൽ 9 പേരാണ് ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നത്. ഇവരുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഡപ്യൂട്ടേഷനായി വരികയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റു സ്ഥാപനങ്ങളിൽ ജോലി നോക്കുകയും ചെയ്യുന്നവർ ഇപ്പോൾ ആരും ഇല്ല.

കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിലെ നിയമനം

8 [2876] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിലെ നിയമനം ഏപ്രകാരമാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 2-2-2005-ന് പത്രങ്ങളിൽ പരസ്യം ചെയ്തത് 8-6-2005-ലെ നോട്ടിഫിക്കേഷൻവഴി 12 സൂപ്പർവൈസർമാരെയും 39 വർക്കേഴ്സിനെയും നിയമിക്കുവാൻ തീരുമാനിച്ചതുവഴി വൻ ക്രമക്കേട് നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിൽ പി. എസ്. സി. യുടെ പരിധിയിൽ വരാത്ത ഒഴിവുകളിൽ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നോട്ടിഫൈ ചെയ്തും പ്രമുഖ ദിനപത്രങ്ങളിൽ പരസ്യം ചെയ്തുമാണ് നിയമനം നടത്തുന്നത്.

(ബി) ഇല്ല.

'കെല്ലി'ന്റെ പാലക്കാട് യൂണിറ്റിന്റെ പ്രവർത്തനം

9 [2877] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെല്ലിന്റെ പാലക്കാട് യൂണിറ്റ് ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ധാരാളം വ്യാപാര ഓർഡറുകൾ ലഭിക്കുന്നുണ്ടെങ്കിലും പ്രവർത്തനമൂലധനത്തിന്റെ അഭാവംമൂലം ഓർഡറുകൾ യഥാസമയം നൽകാൻ സാധിക്കാത്തകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മൂലധനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly